# കേരള സർക്കാർ

## സംഗ്രഹം

കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം ഒന്ന് - ചട്ടം 90 A പ്രകാരം അനുവദിക്കുന്ന എക്സ് ഗ്രേഷ്യ അലവൻസ് - പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സ.ഉ. (അച്ചടി) നം.93/2020/ധന** **തീയതി, തിരുവനന്തപുരം,08.07.2020**

---

**ഉത്തരവ്**

കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I, ചട്ടം 90 A പ്രകാരം ക്ഷയരോഗം, കുഷ്ഠരോഗം കാൻസർ, മാനസികരോഗം എന്നിവയുടെ ചികിത്സയ്ക്കായി ശൂന്യവേതനാവധി എടുക്കുന്നതും 42,500/- രൂപയിൽ കവിയാതെ അടിസ്ഥാന ശമ്പളം വാങ്ങുന്നതുമായ ജീവനക്കാർക്ക്, നിലവിലുള്ള മറ്റ് നിബന്ധനകൾക്ക് വിധേയമായി, പ്രതിമാസം പരമാവധി 14,875/- രൂപ, കുറഞ്ഞത് 9,915/- രൂപ എന്ന പരിധിയ്ക്ക് വിധേയമായി അടിസ്ഥാന ശമ്പളത്തിന്റെ 35 % എന്ന നിരക്കിൽ എക്സ് ഗ്രേഷ്യ അലവൻസ് അനുവദനീയമാണ്.

2. കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I, ചട്ടം 90 A പ്രകാരം അനുവദിക്കാവുന്ന എക്സ് ഗ്രേഷ്യ അലവൻസിന്റെ ആനുകൂല്യം 68,700/- രൂപയിൽ കവിയാതെ അടിസ്ഥാന ശമ്പളമുള്ള ജീവനക്കാർക്ക് കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. നിലവിലുള്ള മറ്റ് നിബന്ധനകൾക്ക് വിധേയമായി, ഇത്തരത്തിൽ ലഭ്യമാകുന്ന എക്സ് ഗ്രേഷ്യ അലവൻസ്, പ്രതിമാസം പരമാവധി 24,045/- രൂപ, കുറഞ്ഞത് 13,740/- രൂപ എന്ന പരിധിയ്ക്ക് വിധേയമായി അടിസ്ഥാന ശമ്പളത്തിന്റെ 35 % എന്ന നിരക്കായിരിക്കും.

3. ഇതിന് ഉത്തരവ് തീയതി മുതൽ പ്രബല്യമുണ്ടായിരിക്കുന്നതാണ്. കേരള സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**സഞ്ജയ് എം. കൗൾ**
**സെക്രട്ടറി (ധനകാര്യം-വ്യയം)**